**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.262 — 12.01.2021 ൽ മറുപടിക്ക്

## കോങ്ങാട് മണ്ഡലത്തിൽ ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ്: | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കോങ്ങാട് മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ നൽകുമോ; | (എ) | കോങ്ങാട് മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി 7 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. ആയത് താഴെ ചേർക്കുന്നു.<br><br>1. ആർദ്രം ഒന്നാം ഘട്ടം - പ്രാഥമിക ആരോഗ്യകേന്ദ്രം, കല്ലടിക്കോട്, പ്രാഥമിക ആരോഗ്യകേന്ദ്രം, മങ്കര<br><br>2. ആർദ്രം രണ്ടാം ഘട്ടം -<br><br>സാമൂഹ്യ ആരോഗ്യ കേന്ദ്രം, പറളി,<br><br>പ്രാഥമിക ആരോഗ്യകേന്ദ്രം,, മണ്ണൂർ, പ്രാഥമിക ആരോഗ്യകേന്ദ്രം, കാഞ്ഞിരപ്പുഴ, പ്രാഥമിക ആരോഗ്യകേന്ദ്രം, കാരാകുറിശ്ശി, പ്രാഥമിക ആരോഗ്യകേന്ദ്രം, കേരളശ്ശേരി<br><br>പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 22 തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. 7 അസിസ്റ്റന്റ് സർജൻ, 10 സ്റ്റാഫ് നഴ്സ്, 2 ഫാർമസിസ്റ്റ്, 3 ലാബ് ടെക്നീഷ്യൻ എന്നിവയാണത്. |

| | | | |
|---|---|---|---|
| (ബി) | കല്ലടിക്കോട് ട്രോമാകെയർ സംവിധാനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ; | (ബി) | കല്ലടിക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ ട്രോമാകെയർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. പ്രസ്തുത സംവിധാനം നടപ്പിലാക്കാനുള്ള ഭൗതിക സാഹചര്യങ്ങൾ നിലവിലില്ല. |
| (സി) | കോങ്ങാട് സി.എച്ച്.സി.യിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദ വിവരം നൽകുമോ? | (സി) | ഇല്ല കോങ്ങാട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ നിലവിലെ സ്റ്റാഫ് പാറ്റേൺ ഉപയോഗിച്ച് കിടത്തി ചികിത്സ ആരംഭിക്കുന്നതിന് കഴിയുകയില്ല. |

Hari

സെക്ഷൻ ഓഫീസർ